
ഇ-മാഗസിൻ



# പറന്നുയരാൻ





# ഇ-മാഗസിൻ

## ഉള്ളടക്കം


| | | | |
|---|---|---|---|
| ആനേരത്ത് | (കവിത ) | അമർനാഥ് | 4 |
| പ്രകാശം തൂകിയ പാത | ( കവിത) | അഫ്ന | 5 |
| കുമരനെല്ലൂരിന്റെ മാഷ് | (കുറിപ്പ് ) | രമ ടീച്ചർ | 6 |
| പുഴയുടെ സ്വപ്നം | ( കവിത) | ഹിബത്തുള്ള | 10 |
| എന്റെ കുട്ടിക്കാലം | ( കവിത) | അക്ഷയ് ബാബു | 11 |
| സ്വപ്നം | ( കവിത) | ഗൗതം | 12 |
| ഒടുവിലെത്തുന്നത് | ( കവിത) | നസൈബ | 14 |

# ഇ-മാഗസിൻ


| | | |
|---|---|---|
| പൂവിന്റെ വിരഹം ( കഥ) | ശ്രീതു.വി.കെ | 15 |
| പ്രളയമേ നിനക്ക് നന്ദി | | 16 |
| പൂക്കൾ (കവിത) | നിരഞ്ജന | 17 |
| എന്റെ യാത്ര ( കഥ) | തസ്രിയ | 19 |
| അമ്മേ മലയാളമേ (കവിത) | ശോഭ ടീച്ചർ | 21 |
| സെപ്റ്റം ബർ 13 ( കഥ) | സ്മിത ടീച്ചർ | 23 |
| ഓർമയിലെ സൂര്യതേജസ്സുകൾ (കുറിപ്പ് ) | സത്യവതി ടീച്ചർ | 28 |


[home/kite/Desktop/magazine.mp4](home/kite/Desktop/magazine.mp4)





# ആ നേരത്ത്

അമ്പിളി ഊഞ്ഞാലാടും  നേരത്ത്
താരം ഊഞ്ഞാലാടും നേരത്ത്
നിലാവ് പൊഴിയും നേരത്ത്
വെളുത്ത പൂക്കൾ വിരിയും നേരത്ത്
നിശാശലഭം പാറും നേരത്ത്
ഞാനെല്ലാം മറക്കും .






അമർനാഥ് ടി.എം
7 സി

# പ്രകാശം തൂകിയ പാത

## എൻ ചുവടുകൾ എൻ അധ്യാപകർ



എൻ കരം പിടിച്ച നയിക്കുനതു
മെൻ അധ്യാപകർ
എൻ അറിവിൻ രഹസ്യ
മെൻ അധ്യാപകർ
 അറിവിനാൽ പൂന്തേൻ നുകർന്നു
ഞാൻ ഗുരുവിൻ പിൻഗാമിയായി
അന്നെനിക്കായ് ഗുരു തീർത്തത്
തൻ ജീവിതം ------മാതൃകയായി
 അറിവിൻ മധു നുകർന്നു ഞാനും
പൂമ്പാറ്റ കണക്കെ പാറവേ
അന്നെൻ ഗുരു അണഞ്ഞു  എന്നരികിൽ
ഒരു പ്രകാശ സരണിയായ്
 അറിവിൻ മണിമുത്തുകൾ എന്നിലേക്ക്
വാരിയെറിഞ്ഞ അവർ
എൻ ആൽമാവിനെപ്പോലും
ആൽമിയത്തിലാഴ്ത്തി



അഫ്ന.വി.വി   8 എഫ്

# കുമരനെല്ലൂരിന്റെ മാഷ്

ഒരോർമയിൽ നിന്നും തുടങ്ങട്ടെ .

വര്ഷങ്ങള്ക്കുമുന്പാണത് ഞങ്ങൾ ഒരു യാത്രയിൽ ആയിരുന്നു. ഹിമാലയത്തിലേക്ക് . ഷൊർണൂരിൽ നിന്നും വണ്ടി കയറി.മേട കൊടും ചൂടിൽ ആന്ധ്രായിലെ മധ്യപ്രദേശിലെ വരണ്ട മണ്ണിലൂടെ വളഞ്ഞ വഴികളിലൂടെ ഒരു യാത്ര .അഭയം കൃഷ്ണേട്ടന്റെ നേതൃത്വത്തിൽ ഞങ്ങൾ അമ്പതോളം പേർ . പരിസ്ഥിതി സംരക്ഷണമെന്ന മുദ്രാവാക്യ മുയർത്തിയായിരുന്നു. യാത്ര.ട്രെയിനിൽ ഞങ്ങൾക്കഭിമുഖമായിരിക്കുന്ന ഒരു മനുഷ്യൻ,മുഖത്തു അതി ഗൗരവം .ആരെയും ശ്രദ്ധിക്കുന്നില്ല സംസാരമില്ല തന്നിലേക്ക് നോക്കി .പുറത്തേക്ക് നോക്കി ഒരേയൊരു ഇരുപ്പ് . ഒരു ഉയർന്ന മിലിട്ടറി ഉദ്യോഗസ്ഥന്റെ ഭാവഹാവങ്ങൾ . ഞങ്ങളിൽനിന്നൊരാൾ അദ്ദേഹത്തിന്റെ അടുത്തെത്തുന്നു .തോളത്തു കൈവെച്ചുകൊണ്ടു ,തികഞ്ഞ വാത്സല്യത്തോടെ ചോദിക്കുന്നു .

`ഉണ്ണീ ഉണ്ണീ എങ്ങോട്ടാണ് ?` കുട്ടിയുടെ പേരെന്താണ് ?`

ഇനിയാണ് രസം .ഒറ്റനിമിഷം കൊണ്ട് പട്ടാളക്കാരൻ പഞ്ഞിമിട്ടായി പോലെ അലിഞ്ഞു പോയി . ഗൗരവമെല്ലാം പമ്പ കടന്ന് ,ഒരു ശിശു വെന്ന കണക്കെ ചോദ്യകർത്താവിനുമുന്നിൽ മനസ്സ് തുറന്നു .പിന്നീട് യാത്രയിലുടനീളം ഞങ്ങളുടെ പ്രിയപ്പെട്ട ചങ്ങാതി യായി അദ്ദേഹം .

പട്ടാളക്കാരനെ പഞ്ഞിമിട്ടായി ആക്കിയ ആ മാന്ത്രികൻ മറ്റാരുമായിരുന്നില്ല ......കുമാരനെല്ലൂരിന്റെ സ്വന്തം നാരായണൻകുട്ടി മാഷ് .

ഹൃദ്യ മായ സംബോധനകൾക്കും സ്നേഹപൂർണമായ പെരുമാറ്റത്തിനും മനുഷ്യ മനസ്സിനെ എത്രമാത്രം കീഴടക്കാൻ കഴിയുമെന്ന് കാണിച്ചുതന്ന വലിയൊരു സാന്നിധ്യ മാണ് നാരായണൻകുട്ടി മാഷ്



കുട്ടികളെ വലിയവരാക്കാനും വലിയവരെ കുട്ടികളാക്കാനും ഉള്ള മാഷിന്റെ മിടുക്ക് അപാരമാണ് .

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മികച്ച പ്രവർത്തകനും എഴുത്തുകാരനുമായ മാഷ് മാനവികതയെ എന്നും ഹൃദയത്തോട് ചേർത്തുവെച്ച മാഷ് എനിക്കാരാണ് ?ബഹുമുഖമായ ബന്ധമാണ് ഞങ്ങൾക്ക

മാഷോടുള്ളത് .അച്ഛന്റെ (പി .വാസുദേവൻനമ്പൂതിരി )
സഹപ്രവർത്തകൻ .......ഭർത്താവിന്റെയും
സഹോദരങ്ങളുടെയും കുട്ടികളുടെയുമൊക്കെ ഗുരുനാഥൻ
.എനിക്കും ഗുരുസ്ഥാനീയൻ ....
കുമരനെല്ലൂർ എൽ പി സ്കൂ ളിൽ മാഷ് പ്രധാനാധ്യാ
പകനായിരിക്കെ ഒരുമിച്ച പ്രവർത്തിക്കാനുള്ള ഭാഗ്യം
എനിക്കുണ്ടായി .
മാഷുടെ സഹധർമിണി ശ്രീദേവി ടീച്ചർ എന്റെ
സഹപ്രവർത്തകയും സുഹൃത്തും സഹോദരീതുല്യയുമാണ് .
എൽ പി സ്കൂളിൽ ആ ഒരു കാലം ......ശരിക്കും അതൊരു
സുവർണ കാലമായിരുന്നു .അതൊരു സാധാരണ
വിദ്യാലയമായിരുന്നില്ല .സ്നേഹോഷ്മളമായ ഒരു കൂട്ടായ്മ
യായിരുന്നു അരുണ ടീച്ചർ ,ശ്രീദേവി ടീച്ചർ ശോഭ ടീച്ചർ
,സൈനബ ടീച്ചർ ,ഓമന ടീച്ചർ മൈമൂന ടീച്ചർ
......മറക്കാനാവാത്തൊരു കാലം .ഒരു സ്ഥാപനത്തെ
ഉന്നതിയിലേക്ക് നയിക്കാൻ അധികാരശക്തിക്കല്ല
സ്നേഹത്തിനെ കഴിയൂ
എന്ന് തെളിയിച്ചുകൊണ്ട് ഒപ്പം നാരായണൻ കുട്ടി മാഷും......
സങ്കീർത്തനം എന്ന മാഷുടെ വീട് സ്നേഹസങ്കീർത്തനങ്ങളുടെ
ഒരു വിശുദ്ധി മന്ദിരമാണ് .

അവിടെ തങ്ങളെ കാണാൻ വരുന്ന എല്ലാവരെയും നിറഞ്ഞ മനസ്സോടെ സ്വീകരിച്ചുകൊണ്ട് മാഷും ടീച്ചറും.



രമ.കെ

# പുഴയുടെ സ്വപ്നം

പുഴയുടെ സ്വപ്നം ------അത് വളരെ വലുതാണ്



അതങ്ങനെ ഒഴുകിഒഴുകി
കൊണ്ടേയിരിക്കും
എന്നെ എല്ലാവരും ഒരുപോലെ
കാണുന്നുണ്ടോ ?
അതോ എല്ലാവരും എന്നെ
വെറുക്കുന്നുണ്ടോ ?
ഞാൻ എവിടെ എത്തും ?
എന്നിങ്ങനെ ഞാൻ
പുഴയോടൊപ്പം സ്വപ്നം കാണും



ഹിബത്തുള്ള.എൻ.എം
8.സി

# എന്റെ കുട്ടിക്കാലം

ഞാൻ ചാടികളിച്ച കാലം



എന്റെ സുന്ദര കാലം
സ്കൂളിൽ പോയ കാലം
മഞ്ചാടിക്കുരു പെറുക്കിയ കാലം
അമ്മിഞ്ഞപ്പാൽ കുടിച്ച കാലം
അമ്പിളിമാമനെ നോക്കി കാലം
സ്കൂളിൽ തിമർത്ത കാലം
കഥകൾ പറഞ്ഞ കാലം
എന്റെ സുന്ദര കാലം



അക്ഷയ് ബാബു 8.സി

# സ്വപ്നം

പൂന്തോട്ടത്തിലൂടെ ഞാൻ
അലഞ്ഞു നടന്നപ്പോൾ
എത്ര മനോഹരമായ
പൂവിനെ കണ്ടു
പക്ഷെ നിന്നെ മാത്രമാണ്
എനിക്കോർമ്മ വരുന്നത്

നിലാവ് നിറച്ച ബാഗ്
ഞാൻ കളഞ്ഞപ്പോൾ
നീയാണതെ നിക്ക്
എടുത്തു തന്നത്
ഞാൻ കുളത്തിൽ പോയപ്പോൾ
അവിടെ കണ്ട താമരയേക്കാൾ
ഭംഗിയുള്ളതായിരുന്നു നിന്റെ
വെണ്ണ പോലുള്ള പുഞ്ചിരി



അലഞ്ഞു നടക്കുന്ന കവിതയിലെ
വരികളിലൂടെ ഞാൻ നിന്നെ ഓർത്തു.

കോപം നിറഞ്ഞ ചുവന്ന മുഖമുള്ള
സൂര്യൻ നിന്നെ എന്നിൽ നിന്ന്
ഇല്ലാതാക്കി

പെട്ടെന്ന് ഞാൻ രാവിലെ എണീറ്റപ്പോൾ
നിന്നെയാണെനിക്കോർമ്മ വന്നത്



ഞാൻ വേഗം മുറ്റത്തേക്ക് നോക്കി
അന്ന് നീ എനിക്ക് തന്ന
നിലാവ് നിറച്ച ബാഗ്
നീ നിലനിന്നിരുന്ന മണ്ണിലേക്ക്
വലിച്ചെറിഞ്ഞപ്പോൾ
അവിടെ ഉണ്ടായിരുന്ന
ഇവളുടെ സഹപാഠിയായ പൂവ്
എനിക്കത് എടുത്തു തന്നു.

ഗൗതം
7B

# ഒടുവിലെത്തുന്നത്

ഞാൻ ഓടിക്കൊണ്ടിരുന്നു
തൊടിയിലെ കളിക്കളത്തിൽ നിന്ന്
സ്കൂൾ ഗ്രൗണ്ടിലൂടെ
നഗര തിരക്കുകളിലേക്ക്



എന്നെ വിരൽ പിടിച്ചേ
നടത്തിയ കൈകളുടെ ബലം
കുറയുന്നത് ഞാൻ
അറിഞ്ഞതേയില്ല
പെർഫ്യൂമറുകളുടെ ലോകത്തിൽ
കുഴമ്പുമണത്തിൽ ഒരു ക ണ്
എന്നെ വിളിച്ചിരുന്നത്
ഞാൻ അറിഞ്ഞിരുന്നതേയില്ല
അതോ അറിഞ്ഞുവോ
ഫ്ളാറ്റുകളുടെ മട്ടുപ്പാവിൽ
ഇരിക്കുമ്പോൾ എന്നെ കാത്തു
പാൽ മണമുള്ള ഒരു വേര്
തേടിവരുന്നുണ്ടായിരുന്നു

**നൈസെബ നദ്റാൻ.ഒ.എൻ 9.ബി**

# പൂവിന്റെ വിരഹം

നീലനിലാവിൽ നിൻ മുഖം നോക്കി
ചിരിച്ച നിൻ ചിത്തത്തിലെ



സ്വർഗമായ സ്വപ്നലോകത്തിലെ
പാതിവിരിഞ്ഞ നിൻമുഖമെന്നിൽ
കുളിരായ് തഴുകുന്നു ............
നീയണയുന്ന സന്ധ്യാസമയം ഞാൻ
വിരഹത്തിലാഴുന്നു.....
പഞ്ഞികെട്ടുകൾ വിതറിയ വാനിൽ
സിന്ദൂരച്ചെപ്പ് വീണ നേരം
നീയെന്നെ പുണരും നേരം
ഞാൻ സന്ധ്യാശ്രീയായി മാറുന്നു .



**ശ്രീതു.വി.കെ**
**9 എ**

# പ്രളയമേ നിനക്ക് നന്ദി

ഒരിടത്തൊരു ഗ്രാമമുണ്ടായിരുന്നു.ആ ഗ്രാമത്തിന്റെ പേര് പുഞ്ചിരിക്കുന്ന ഈ പേര് പോലെയല്ല. ജാതിയുടെയും മതത്തിന്റെയും പേരിൽ ബഹളമാണ് ഈ ഗ്രാമത്തിൽ. പരസ്പരം മുഖത്തു പോലും നോക്കുകയില്ല .ഓരോരുത്തരും അവരുടെ മതക്കാരോട് മാത്രമെ സംസാരിക്കുകയുള്ളു.ആ ഗ്രാമത്തിലെ എല്ലാവരും കൃഷിക്കാരായിരുന്നു.പാടങ്ങളും പുഴകളും കുന്നുകളും നിറഞ്ഞ മനോഹരമായിരുന്നു ആ ഗ്രാമം.

പെട്ടെന്ന് ഒരു ദിവസം അതിശക്തമായ ഇടിയും മഴയും കാറ്റും ഉണ്ടായി.പുറത്തിറങ്ങാൻ പറ്റാത്ത അതിശക്തമായ മഴ.വെള്ളം പൊങ്ങാൻ തുടങ്ങി .വീടുകളിൽ വെള്ളം കയറാൻ തുടങ്ങി.ഗ്രാമവാസികൾ

ഭയപ്പാടോടെ മണിക്കൂറുകൾ തള്ളി നീക്കി.
രക്ഷയില്ലെന്ന് കണ്ടപ്പോൾ എല്ലാവരും സ്കൂളിൽ അഭയം തേടി.ജാതി മത ചിന്തകൾ മറന്ന് എല്ലാവരും ഒറ്റക്കെട്ടായി ആ ദിവസങ്ങൾ അതിജീവിച്ചു.
അങ്ങനെ പ്രളയം മാറി.പഴയ പോലെയായി.എല്ലാവരും സ്വന്തം വീടുകളിലേക്ക് മടങ്ങി.എല്ലാവരും ജാതി വൈരാഗ്യങ്ങളെല്ലാം മറന്ന് പരസപരം സഹായിച്ച് ഒരുമയോടെ വർത്തിക്കാൻ തുടങ്ങി......

അപ്പോൾ അവിടുത്തെ വൃദ്ധനായ ഒരാൾ പറഞ്ഞു.....`ഇപ്പോൾ മനസ്സിലായില്ലേ.?ഒരു പ്രളയം അല്ലെ നിങ്ങൾ ഒരുമിക്കാൻ കാരണമായത്. ഒരേ ഭക്ഷണം കഴിക്കുന്നു .ഒരേ സ്ഥലത്തു കിടക്കുന്നു.ഞാൻ ഒന്ന് ചോദിക്കട്ടെ ,ദൈവത്തിന്റെ മതമേതാണ് ?`

എല്ലാവരും തല താഴ്ത്തി. `ഒരു പ്രളയം വേണ്ടി വന്നു എല്ലാവരുടെയും കണ്ണ് തുറപ്പിക്കാൻ.ദൈവം നമുക്ക് തന്ന ശിക്ഷയാണ് ഈ ദുരന്തം.

പ്രളയമേ നിനക്ക് നന്ദി .......

# പൂക്കൾ

ലോകത്തെ വിസ്മയപ്പെടുത്തും
സ്വന്ദര്യലഹരിയാണ് പൂക്കൾ
സുന്ദരവും മനോഹരവും



നറുമണവും
മനസ്സിൽ സ്വർഗീയ ചിന്തയുണർത്തും
മനസ്സിന്റെ ആഴത്തിൽ നിറപ്പൂക്കൾ
അഗാധമാണീ മലർസൗന്ദര്യം
പല വർണത്തിലും പല രൂപത്തിലും
മൃദുവും സുന്ദരവുമാണീ പൂക്കൾ
സ്വന്ദര്യലഹരിയാണ് പൂക്കൾ



**നിരഞ്ജന എസ് നായർ**

**9 എ**

# എന്റെ യാത്ര

ഞാനൊരു യാത്ര പോയി. വണ്ടിയിൽ ആയിരുന്നില്ല. ഞാൻ എന്റെ മനസ്സ് കൊണ്ടായിരുന്നു.ഞാൻ ആ യാത്രയിൽ കണ്ടത് കുതിര ,പശു,ആട് ,കോഴി



,എന്നിവയായിരുന്നു. ഇവയെല്ലാം കണ്ടു നടന്നു നടന്നഞാൻഒരുസ്ഥലത്തുഎത്തി.വലിയൊരു കൊട്ടാരം. ആ കൊട്ടാരത്തിൽ ആന കടുവ പുലി സിംഹം ഇവയെല്ലാം കണ്ടു. അപ്പോഴാണ് മനസ്സിലായത് അതൊരു മൃഗശാലയായിരുന്നു. പെട്ടെന്ന് വെളിച്ചം വന്നു .ഞാൻ ഞെട്ടിയുണർന്നു.ചുറ്റും

അപ്പോഴാണ് മനസ്സിലായത് അതൊരു സ്വപ്നമായിരുന്ന



**തസ്‌രിയ**

# അമ്മേ മലയാളമേ

മലയാളികളുടെ മനമല്ലോ
മലരു കൾ വിടരും മലയാളം
മലയാളികളുടെ ചിറകല്ലോ
മലതൻ മടിയിലെ മലയാളം
നമ്മെ നാമായറിഞ്ഞ പേരായ
ചൊല്ലി വിളിച്ചത് നീ തന്നെ
അമ്മിഞ്ഞപ്പാൽ നുകർന്നുറങ്ങാൻ
താരാട്ടുപാട്ടായ് ചാഞ്ചാടി നീ
കണ്ണാരം പൊത്താനും ഊഞ്ഞാലിലാടനും
കളിവീട്ടിൽ ജീവിതപാഠം പഠിക്കാനും
കളിവഞ്ചി തുഴഞ്ഞു നാരങ്ങാപ്പാലിൽ
നീന്തിമറിഞ്ഞു രസിക്കാനും
കൂട്ടായ് വന്നു മലയാളം
കഥചെപ്പു തുറന്നു മലയാളം
കവിത കാട്ടിമയക്കിയ പൂതമായ്
കാവ്യനർത്തകി മലയാളം
സർഗ്ഗനഭസ്സിലെ താരകളെ
തുഞ്ചന്റെ പാട്ടിലെ തേന്മൊഴിയെ
കുഞ്ചന്റെ പാട്ടിലെ ചിലമ്പൊലിയെ ഗാഥാമൃതം
പൊഴിയും ഗീതികളെ
ആശാനുയർത്തിയ വിപ്ലവധ്വനികൾ

ഉള്ളൂരിന്റെ ശബ്ദാ ത്മവും
വള്ളത്തോളിന്റെ ദേശീയതയും
വര്ണങ്ങളായ മലയാളം
പുതിയ യുഗത്തിൽ നാദമായ് മാറി
അഗ്നിചിറകുള്ള മലയാളം
സ്വപ്നത്തേക്കാൾ പഠിപ്പിച്ച നീയെന്നെ
ജന്മം സുന്ദരഗാനമാക്കി

**ശോഭ** .K.P

# സെപ്റ്റംബർ 13

മനുഷ്യൻ ഒരു ലോല ഹൃദയനാണല്ലോ .....സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വ്യഗ്രതപ്പെടുന്ന മനസ്സ് . ശൈശവത്തിലും കൗമാരത്തിലും യൗവനത്തിലും എന്തിന് വാർധക്യത്തിൽ പോലും സ്നേഹത്തിനായുള്ള തീർത്ഥാടനത്തിൽ ആണ് അവനെന്നു പറയാം തനിക്കെന്തു തോന്നുന്നു

വളരെ നിഷ്കളങ്കമായാണ് ബെന്നി അത് ചോദിച്ചതെങ്കിലും കുളിരേന്തി വന്നു വരൾച്ച സമ്മാനിക്കുന്ന വൃശ്ചികകാറ്റിനോട് സമാനമായിരുന്നു അവൾക്ക ചോദ്യം ....തന്റെ മനസ്സിന്റെ വരൾച്ചയുടെ നിഴൽപ്പാട് മുഖത്തു വ്യക്തമാകുന്നുണ്ടോ എന്ന് ഭയപ്പെട്ടവണ്ണം താര നിന്നു എങ്കിലും അപ്രതീക്ഷമായി പതിക്കുന്ന ജലകണികകളെ ഗർഭത്തിലേക്ക് ആവാഹിക്കുന്ന പൃഥിയുടെ തന്മയത്വത്തോടെ അവളതു വിഴുങ്ങി

'എന്നതാ ബെന്നി നട്ടുച്ച നേരത്തു ഫിലോസഫി ' .

അല്ല ഒരു മാസത്തെ അവധിക്കു ശേഷം നമ്മൾ ഒരുമിച്ചു ചെയ്യുന്ന ആദ്യ ടോക്ക് ഷോ ആണ് ഈ സമയത്തിനുള്ളിൽ തനിക്കു വന്ന ഇ മെയിലുകൾ ആണ് ഇതെല്ലാം.

വിരക്തമായ പ്രവാസി ജീവിതത്തിൽ ആശ്വാസകരമാണത്രെ താൻ അല്ലെങ്കിൽ നാം .രസമുണ്ടല്ലേ ബെന്നി പറഞ്ഞു നിർത്തി .അതെ ബെന്നി നാടും വീടും വീട്ടുകാരും ഇല്ലാതെ

ഇവിടെ നിൽക്കുന്ന പ്രവാസികളുടെ മനസ്സ് കുറച്ചു കൂടി
ആർദ്രമാണ് സന്തോഷവും ആഡംബരവും ആഘോഷങ്ങളും
അവന്റെ മനസ്സിൽ വിങ്ങലായാണ് അനുഭവപ്പെടുന്നത്
അവരിലൊരാളായി അവരുടെ മനസ്സിലേക്ക് ഇറങ്ങി ചെല്ലാൻ
കഴിയുന്നു എന്നതാണ് നമ്മുടെ ഭാഗ്യം മറനീക്കി വരാൻ വെമ്പുന്ന
ചിന്താശകലങ്ങളെ അവഗണിച്ച് ബദ്ധപ്പെട്ടു നടന്നുകൊണ്ട്
അവൾ സ്റ്റുഡിയോവിലേക്ക് നടന്നു .ഇന്നലെ തന്നെ
ക്രമപ്പെടുത്തിവെച്ച പാട്ടുകളിൽ ഏറ്റവും മനസ്സിണങ്ങിയ ഒന്ന്
പ്ലേ ചെയ്ദുകൊണ്ട് തനിക്കായിവന്ന ഇ മെയിലുകളിൽ താര
തിരഞ്ഞു 'ഹായ് താര,"you disappeared so
unexpectedly, what happened ?
അതെ എന്റെ അനുഭവങ്ങളെ പോലെ so
unexpectedly.

college chairman,student editor, best university
actress best outgoing student, മികച്ച കരിയർ
എന്നാൽ അതിനടക്കുണ്ടായ അപ്രതീക്ഷിത നാടകത്തിന്റെ
പരിസമാപ്തിയെന്നപോലെ നാട്ടും വീടും ഒന്നിച്ചാഘോഷിച്ച
ആഡംബരമാർന്ന വിവാഹം .പിന്നെന്തേ അതിനിങ്ങനെ
പരിസമാപ്തി ....അളന്നും തിട്ടപ്പെടുത്തിയതുമായ
സ്നേഹപ്രകടനങ്ങൾ ,മനുഷ്യനെ മുഴുവനായും ശപിച്ച് നീങ്ങിയ

ദിനങ്ങൾ ,രാത്രികളിലെ ഭ്രാന്തമായ ആവേശം .സ്വന്തമെന്നു കരുതിയ സ്വപ്നങ്ങൾ തകർന്നപ്പോൾ മനസ്സ് പോലും കയ് വിട്ടു പോകും എന്ന് തോന്നിയപ്പോൾ മാത്രമല്ലെ ഞാനെങ്ങനെയൊരു തീരുമാനമെടുത്തത് .അപക്വമായ തീരുമാനം തന്റെ മകനോട് ചെയ്ത അനീതിയാണെന്ന് തോന്നിയപ്പോഴെല്ലാം മറിച്ചഗ്രഹിച്ചില്ലേ?

'ദേ ഇങ്ങോട്ടു നോക്കിയേ ഒരു മാസത്തിന്റെ ഇടവേള കഴിഞ്ഞുള്ള ഷോയാണ് .അപസ്വരം വീഴാതെ നോക്കണേ ' എന്ന ബെന്നിയുടെ സ്ഥിരം പല്ലവിയാണ് നിറം പോയ ഓർമ്മകൾക്ക് അവധി കൊടുത്തത് . മനസ്സാന്നിധ്യം വീണ്ടെടുത്ത അവൾ പ്രവാസികളുടെ വാചാലമായ അവതാരകയായി .ആദ്യ ടെലിഫോൺ കോളിനായി കാതോർത്തു .

'ഹാലോ എഫ് .എം റേഡിയോ .ആരാ സംസാരിക്കുന്നത്.?' പ്രതീക്ഷച്ചതിനേക്കാൾ നേർത്ത ശബ്ദമായിരുന്നു അങ്ങേത്തലക്കൽ .'ഞാൻ ഹംസ ദുബായിൽ നിന്നും ഡ്രൈവറാണ് .ഞാൻ ഇതിനുമുമ്പ് വിളിച്ചിട്ടുണ്ട് '.'ഉവ്വോ' അവൾ ചോദിച്ചു. മറ്റെന്തോ ചോദിയ്ക്കാൻ തുടങ്ങവേ ഹംസ പറഞ്ഞു . "പിന്നേ ഞാൻ ഒരു മാസമായിട്ട് നിങ്ങളുമായി പിണക്കത്തിലാ .കഴിഞ്ഞ മാസം സെപ്റ്റംബർ13 ന് എന്റെ

വിവാഹവാര്ഷികമായിരുന്നു .ഞാൻ കുറെ പ്രാവശ്യം ശ്രമിച്ചിരിക്കേന് വിളിക്കാൻ ഇങ്ങള് ഫോൺ എടുത്തില്ല ഞാൻ അയച്ച മെസ്സേജും വായിച്ചില്ല .അപ്പൊ ഒരു വിഷമം തോന്നി .അങ്ങനെ ഇങ്ങടെ പരിപാടി കേൾക്കാറില്ല .`


പാതി മുറിഞ്ഞ സ്വപ്നങ്ങളുടെ ബോധപൂർവമല്ലാത്ത ഓർമ്മപ്പെടുത്തൽ ഓളങ്ങളായി അവളിൽ ഒലിച്ചിറങ്ങവേ

അവൾ ചോദിച്ച `ഹംസ യുടെ ദേഷ്യം ഇപ്പോൾ മാറിയോ?

ഇപ്പോൾ ഏത്തു പാട്ടാണ് വേണ്ടതെന്ന് പറയൂ ".ഹംസ

നിമിഷങ്ങൾക്കുമുള്ളിൽ അദ്ദേഹം വാചാലനായി പ്രതീക്ഷയുടെ തലോടൽ ഏറ്റെന്നവണ്ണം ഹംസയുടെ പരിഭവം പറക്കമുറ്റിയ പക്ഷികുഞ്ഞുങ്ങളെപ്പോലെ അനന്തതയിലേക്ക് പറന്നകന്നു പിന്നിത്തുടങ്ങിയ കുപ്പായത്തിന്റെ നൂലിഴയിൽ ചേർത്തുവെക്കാനായി സ്വപ്നങ്ങളുമായി പുറപ്പെട്ട പ്രവാസിയുടെ മനസ്സിന്റെ ആഴവും നോവും തൊട്ടറിഞ്ഞ അവരുടെ കിനാവുകളിൽ കുളിരേകി എന്ന യാഥാർഥ്യം അവളിലും മാറ്റം വരുത്തി .

മനസ്സിനും ബന്ധങ്ങൾക്കും വിലപറഞ്ഞുറപ്പിച്ച ദിനത്തിന്റെ ഓർമ്മപെടുത്തൽ സ്തുതി ബന്ധങ്ങളായി പെയ്തിറങ്ങി .പെയ്തൊഴിഞ്ഞിട്ടും വൃക്ഷത്തലപ്പുകളെ വിട്ടുപോകാൻ മടിക്കുന്ന മഴത്തുള്ളികളായി മനസ്സിന്റെ ഏതോ ഒരു കോണിൽ മറഞ്ഞുനിന്നു .



സ്മിത.K.R

## ഓർമയിലെ സൂര്യ തേജസ്സുകൾ

ഹൈ സ്കൂൾ വിദ്യാഭ്യാസത്തിനായി കുമരനെല്ലൂർ സ്കൂളിന്റെ വിജ്ഞാനഭൂമികയിലേക്ക് ചേക്കേറിയ കാലം .
അന്ന് പ്രഗൽഭ മതികളായ ഒട്ടേറെ അധ്യാപകർ സ്കൂളിന്റെ മുഖമുദ്രയായി ശോഭിച്ചിരുന്നു .എന്റെ വ്യ ക്തിത്വ രൂപീകരണത്തിലും വളർച്ചയിലും സ്തുത്യർഹമായ പങ്കു വഹിച്ച എന്റെ പ്രിയപ്പെട്ട അധ്യാപകരിൽ ചിലരെ കുറിച്ചാണ് ഞാനിവിടെ എഴുതാൻ തുനിയുന്നത് വർഷത്തിൽ പത്താം ക്ലാസ് വിദ്യാർത്ഥി യായിരുന്നു ഞാൻ .അന്ന് ഞങ്ങളെ



ഇംഗ്ലീഷ് പഠിപ്പിച്ചത് സോഷ്യൽ സയൻസ് അധ്യാപനായിരുന്ന ശ്രീ ടി.കെ ബാലൻ മാസ്റ്റർ ആണ് .
ഒരു ജേതാവിനെ പോലെ ഉയർത്തി പിടിച്ച ശിരസ്സു മായി വരുന്ന ബാലൻ മാഷെ എല്ലാവർക്കും ഭയമാണ് .വരാന്തയിലെവിടെയെങ്കിലും മാഷെ കണ്ടാൽ ആൺകുട്ടികൾ പോലും ഓടിയൊളിക്കുന്ന കാലം .കുറ്റനാട് ബാലൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്ജീവിതത്തിൽ ആദ്യമായി എന്നെ അഭിനന്ദിക്കുകയും എന്നിൽ ആത്മ വിശ്വാസത്തിന്റെ വിത്ത് പാകുകയും ചെയ്തത് ശ്രീ ബാലൻ മാഷാണ് .അന്ന്

ഇംഗ്ലീഷിൽ തന്ന ഒരു പ്രവർത്തനം നന്നായി ചെയ്ത എന്നെ അദ്ദേഹം അഭിനന്ദിച്ച എന്റെ ഓർമയിലെ ആദ്യം ലഭിച്ച അഭിനന്ദനവും അത് തന്നെ .വിനയം കൈ വിടാതെ പരിശ്രമിച്ചാൽ  വിജയത്തിലെത്താൻ കഴിയും എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പിൽക്കാല ജീവിതത്തിൽ എനിക്ക് മാർഗ്ഗദര്ശമായി .അദ്ദേഹം വിദ്യാഭ്യാസ ഓഫീസറുടെ പദവിയിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്തപ്പോഴും ആ വാത്സല്യം  ഞാനനുഭവിച്ചു .

ഗുരുനാഥനായും സഹപ്രവർത്തകനായും എന്നെ സ്വാധീനിച്ച അധ്യാപകനാണ് ശ്രീ ടി രാമചന്ദ്രൻ മാസ്റ്റർ .അദ്ദേഹത്തിന്റെ ഫിസിക്സ് ക്ലാസുകൾ എല്ലാവര്ക്കും ആസ്വാദ്യകരമായ ഒന്നായിരുന്നു . ഭൗതിക ശാസ്ത്രം ഇത്ര മാത്രം നർമത്തിൽ ചാലിച്ച കുട്ടികളിലേക്കെത്തിക്കാൻ അദ്ദേഹത്തിനുള്ള പാടവം അനന്യസാധാരണമാണ് .

മികച്ച സംഘാടകനും വാഗ്മിയും നല്ലൊരു സുഹൃത്തും ആയിരുന്ന അദ്ദേഹത്തെ കുട്ടികൾക്കു ഒരേ സമയം സ്നേഹവും ഭയവുമായിരുന്നു .

അധ്യാപകവൃത്തിയിൽ എനിക്ക് എന്തെങ്കിലും ചെയ്യാൻ

കഴിഞ്ഞുട്ടെങ്കിൽ അതിനു കാരണം അന്ന് എന്റെ

സഹപ്രവർത്തകനായിരുന്ന രാമചന്ദ്രൻ മാഷ് തന്നെയാണ്

പഠിച്ച സ്കൂളിൽ പഠിപ്പിച്ച അധ്യാപകരോടൊപ്പം ജോലി ചെയ്യാൻ കഴിഞ്ഞതാണ് എന്റെ ജീവിതത്തിലെ ഏറ്റവു വലിയ ഭാഗ്യം .വാക്കിലും നോക്കിലും സ്വഭാവത്തിലും വസ്ത്രധാരണത്തിലും ഒക്കെ തികഞ്ഞ സാത്വികമായ ശാരദ ടീച്ചർ ,ഏറ്റവും പ്രസന്നമായ മുഖത്തോടെ കുട്ടികളെ സമീപിച്ചിരുന്ന രാജലക്ഷ്മി ടീച്ചർ ,പ്രൈമറി ക്ലാസ്സുകളിൽ എന്നെ ഇംഗ്ലീഷ് പഠിപ്പിച്ച നളിനി ടീച്ചർ ,അങ്ങനെയങ്ങനെ പ്രിയപ്പെട്ട ഒട്ടേറെ അധ്യാപകരുടെ മുഖങ്ങൾ മനസ്സിലൂടെ കടന്നു പോകുന്നു .ഈ സ്കൂളിന്റെ മുറ്റത്തു നിൽക്കാൻ എന്നെ പ്രാപ്തമാക്കിയ ഗുരുക്കന്മാർക്ക് പ്രണാമം .



**സത്യവതി.E**